## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം : ആ.വ.ഡ – ജീവനക്കാര്യം - 01.09.2012 മുതൽ 31.12.2018 വരെയുള്ള സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. അനിത. പി, സീനിയർ ക്ലാർക്കിന് നൽകിയിരുന്ന സ്ഥാനം പുനർനിർണ്ണയം ചെയ്ത് ഉത്തരവാകുന്നു.

സൂചന : 1. 28.01.2021 തീയതിയിലുള്ള ശ്രീമതി. അനിത. പി, Senior Clerk, DHS Office ന്റെ സമർപ്പണം
2. ഇ.എസ് 2-96800/17/ആ.വ.ഡ, തീയതി. 21.11.2019
3. 24.05.2021 തീയതിയായുള്ള ഇതേ നമ്പർ നോട്ടീസ്

### ഉത്തരവ് നം. ഇ.എസ് 2/7198/2021/ആ.വ.ഡ/തീയതി : 09/07/2021

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ ക്ലാർക്കായ ശ്രീമതി. അനിത. പി സൂചന 2 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള 01.09.2012 മുതൽ 31.12.2018 വരെയുള്ള കാലയളവിലെ ആരോഗ്യ വകുപ്പിലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ 461 –ാം റാങ്ക് നമ്പറായി ഉൾപ്പെട്ടിട്ടുള്ള ആളാണ്.

ടിയാരി വകുപ്പുതല പരീക്ഷ പാസ്സായ തീയതി (08.05.2017) യ്ക്ക് ശേഷം വന്ന ഒഴിവ് (29.06.2017), ക്ലാർക്ക് സീനിയോറിറ്റി (344 A) എന്നിവ കണക്കാക്കിയാണ് 461 എന്ന സ്ഥാനം ടി പട്ടികയിൽ നൽകിയിരുന്നത്. എന്നാൽ ടി ജീവനക്കാരിക്ക് SC/ST Protection on Test Qualification ഉള്ളതാണെന്ന വസ്തുത കണക്കിലെടുക്കാതെയാണ് ടി സ്ഥാനം നൽകിയിട്ടുള്ളതെന്നും ആയതിനാൽ സൂചന 2 പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ ടിയാരിയുടെ സ്ഥാനം പുനർനിർണ്ണയം ചെയ്തു നൽകണമെന്നും സൂചന 1 പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

രേഖകൾ പുനഃപരിശോധന നടത്തിയതിൽ നിന്നും ശ്രീമതി. അനിത. പി ക്ക് സൂചന 2 പ്രകാരമുള്ള സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ 08.04.2014 ന് ശേഷമുള്ള ഒഴിവിന് പ്രൊമോഷൻ അർഹതയുണ്ട്. ആയതിനാൽ LDC Rank No. 344 A (2003-2008) കണക്കിലെടുത്ത് 01.09.2012 മുതൽ 31.12.2018 വരെയുള്ള സീനിയർ ക്ലാർക്ക് സീനിയോറിറ്റി പട്ടികയിൽ 163 A എന്ന സ്ഥാനം (04.06.2014) നൽകാവുന്നതാണ്.

ഈ സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ ക്ലാർക്കായ ശ്രീമതി. അനിത. പി. ക്ക് സൂചന 2 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള 01.09.2012 മുതൽ 31.12.2018 വരെയുള്ള കാലയളവിലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ നൽകിയിട്ടുള്ള 461 എന്ന സ്ഥാനം താൽക്കാലികമായി റദ്ദാക്കിക്കൊണ്ടും 163 A എന്ന താൽക്കാലിക സ്ഥാനം നൽകിക്കൊണ്ടും സൂചന 3 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.

ആയതിന്മേൽ യാതൊരു ആക്ഷേപവും നാളിതുവരെ ലഭ്യമായിട്ടില്ല.

ആയതിനാൽ 01.09.2012 മുതൽ 31.12.2018 വരെയുള്ള കാലയളവിലെ ആരോഗ്യ വകുപ്പിലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. അനിത. പി. ക്ക് നൽകിയിരുന്ന 461 എന്ന സ്ഥാനം റദ്ദാക്കിയും 163 A എന്ന സ്ഥാനം നൽകി ഉൾപ്പെടുത്താൻ സ്വീകരിച്ച താൽക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു

വിശദവിവരം ചുവടെ ചേർക്കുന്നു.

| Sl. No. | Name & PEN Np. | Date of entry in service | G.O No./PSC Advice | Old Rank No. | New Rank No. | Remarks |
|---|---|---|---|---|---|---|
| 1 | Chandrasekharan. G, 316610 | 04.10.2006 | Adv. P II(3)666/KPSC, PKD, Dt: 23.08.2006, A2-1896/04(2), DMO(H)PKD, Dt: 28.08.2006 | 163 | - | |
| 2 | Anitha. P, 431989 | 22.02.2007 | G.O.(MS) No. 23/03/H & FWD, Dt: 21.01.2004, A2-21745/04/DMO(H), Dt: 09.02.2007 | 461 | 163 A | |
| 3 | Jayasree. K, 316176 | 01.03.2007 | G.O(MS) No. 23/H & FWD, Dated: 21.10.2003, A2-1896/04(2), DMO(H), PKD, Dt: 21.02.2007 | 164 | -- | |

ഒപ്പ്/-

ബീന. വൈ. ബി

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

അനിത. പി

സീനിയർ ക്ലാർക്ക്, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്

(സൂപ്രണ്ട് മുഖേന)

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും (ഇ-മെയിൽ മുഖേന)
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
3. സൂപ്രണ്ട്, ഇ. ഡി. സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്